## കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

**പത്രക്കുറിപ്പ്**

2025-26 വർഷത്തേക്കുള്ള ബിരുദ പ്രവേശനത്തിന്റെ രണ്ടാമത്തെ അലോട്ട്മെന്റിനു ശേഷമുള്ള തിരുത്തലുകൾക്ക് 03.07.2025 - 04.07.2025, 5 മണി വരെ സമയമുണ്ടായിരിക്കും.

ഫസ്റ്റ് ഓപ്ഷനിൽ അലോട്ട്മെന്റ് ലഭിച്ച് പ്രസ്തുത ഓപ്ഷനിൽ പ്രവേശനം നേടിയവർ, ലഭിച്ച അല്ലോട്മെന്റിൽ തൃപ്തരായി ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്ത് പ്രവേശനം നേടിയവർ ഒഴികെ എല്ലാവർക്കും എഡിറ്റിങ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

അഡ്മിഷൻ എടുത്ത ഹയർ ഓപ്ഷൻ നിലനിർത്തിയിരിക്കുന്നവർക്കും, Mandatory ഫീസ് അടക്കാതെ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്തുപോയവർക്കും എഡിറ്റിംഗ് സൗകര്യം ഉപയോഗിച്ച് ഇനി വരുന്ന അലോട്ട്മെന്റ് പ്രക്രിയയിൽ ഉൾപ്പെടാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

കോളേജ്, കോഴ്സ് പുനഃക്രമീകരിക്കുന്നതിനും, പുതിയ കോളേജുകൾ, കോഴ്സുകൾ, കൂട്ടിചേർക്കുന്നതിനും ഈ ഘട്ടത്തിൽ അവസരം ഉണ്ടായിരിക്കുന്നതാണ്.

പുതിയതായി രജിസ്ട്രേഷൻ ചെയ്യുന്നതിന് സൗകര്യം ഉണ്ടായിരിക്കുന്നതല്ല. എഡിറ്റിംഗ് ചെയ്യുന്നവർ നിർബന്ധമായും പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

**നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളുടെ ശ്രദ്ധക്ക്**

- നിലവിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ പുതുതായി വീണ്ടും ഓപ്ഷനുകൾ കൂട്ടിച്ചേർക്കുകയാണെങ്കിൽ ആയതിൽ ഏതിലെങ്കിലും ഇനി വരുന്ന അലോട്മെന്റുകളിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ ആയത് നിർബന്ധമായും സ്വീകരിക്കേണ്ടതാണ്. ഇതോടെ മുമ്പ് ലഭിച്ചിരുന്ന അഡ്മിഷൻ നഷ്ടപ്പെടുന്നതും അത് യാതൊരു കാരണവശാലും പുനഃസ്ഥാപിച്ചു നൽകുന്നതുമല്ല.
- തങ്ങൾക്ക് അഡ്മിഷൻ ലഭിച്ച കോളേജ് -> പ്രോഗ്രാം വീണ്ടും നൽകുകയാണെങ്കിൽ അതിനു മുകളിലേക്കുള്ള ഹയർ ഓപ്ഷനുകളിലേക്ക് മാത്രമേ പരിഗണിക്കുകയുള്ളൂ. അതിനു താഴേക്ക് നൽകിയിട്ടുള്ള കോളേജുകളിലേക്ക് ഒരു കാരണവശാലും പരിഗണിക്കുകയില്ല.
- ആയതിനാൽ ശ്രദ്ധാപൂർവം എഡിറ്റിംഗ് സൗകര്യം ഉപയോഗിക്കേണ്ടതാണ്.

**CU Campus**
**01.07.2025**

**(ഒപ്പ്)**
**ഡയറക്ടർ**